LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ കൃഷി ഭവനുകളിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്ക് അഗ്രികാർഡ് നൽകുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. കൂടാതെ വാണിജ്യ സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുവരുന്ന കിസാൻ ക്രെഡിറ്റ് കാർഡുകൾ, ഹ്രസ്വകാല കാർഷിക വായ്പകൾ, അഗ്രി ഗോൾഡ് ലോൺ തുടങ്ങിയ വായ്പാ പദ്ധതികൾ വഴി വാണിജ്യ ബാങ്കുകൾ കൃഷിക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ കർഷകർക്ക് നൽകിവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 7% പലിശയ്ക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5% പലിശ ഇളവിനോടൊപ്പം നബാർഡ് മുഖേന നൽകുന്ന പരമാവധി 3% പലിശ ഇളവ് ഉൾപ്പെടുത്തി പലിശ രഹിത വായ്പായി നൽകിവരുന്നു. കൂടാതെ നെൽകൃഷിക്ക് വായ്പകൾ പലിശരഹിതമായാണ് നൽകിവരുന്നത്.

കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങൾ

109 (5458) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനം ഇന്ന് നാളികേര മേഖലയിലും നെല്ലുല്പാദന മേഖലയിലും കർഷകർക്ക് കൃഷി നാശങ്ങൾ സഹിക്കാൻ ശേഷിയില്ലാത്തതുമൂലവും, കാർഷിക മേഖലയിൽ തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗനിവാരണത്തിന് വേണ്ടുന്ന മരുന്നുകളോ സംരക്ഷണമോ ലഭിക്കാത്തതുമൂലം കൃഷിനാശം സംഭവിക്കുന്നതുംമൂലവും കൃഷിയിൽ നിന്നും പിന്നാക്കം പോകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ : എങ്കിൽ കർഷകരെ സഹായിക്കാൻ കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങളും സർക്കാർ സഹായങ്ങളും എന്ത് എന്ന് 2011 മുതൽ 2015 വരെയുള്ള സർക്കാർ പ്രവർത്തനങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് കേര കൃഷിയും നെൽ കൃഷിയും മറ്റ് കൃഷികളും എത്ര ഹെക്ടർ സ്ഥലങ്ങളിൽ നടത്തിയെന്നും എത്ര കർഷകർ എത്ര തുകയുടെ കൃഷിനാശങ്ങൾക്ക് വിധേയമായിയെന്നും ഓരോ വർഷവും രോഗാണു മൂലവും മറ്റും എത്ര കേര വൃക്ഷങ്ങൾ സർക്കാർ ധനസഹായം കൈപ്പറ്റിയും അല്ലാതെയും മുറിച്ചു മാറ്റുകയുണ്ടായിയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളികേര മേഖലയിലും നെല്ലുൽപ്പാദന മേഖലയിലും കർഷകർ പിന്നോക്കം പോകുന്നത് കൃഷി നാശം, രോഗനിവാരണത്തിന് മരുന്നുകളോ സംരക്ഷണമോ ലഭിക്കാത്ത കാരണങ്ങൾകൊണ്ട് അല്ല, മറിച്ച് വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, ന്യായമായ വില ലഭിക്കാത്തത് തുടങ്ങിയ മറ്റു പ്രശ്നങ്ങൾ കാരണമാണ്. തെങ്ങിനെ സംബന്ധിച്ചിടത്തോളം തെക്കൻ ജില്ലയിൽ. കാറ്റുവീഴ്ച രോഗവും വടക്കൻ ജില്ലകളിൽ കൂമ്പുചീയൽ രോഗവുമാണ് മാരകമായി കണ്ടുവരുന്നത്. ശാസ്ത്രീയ രീതിയിലുള്ള പരിചരണ മുറകൾ അനുവർത്തിച്ചാൽ കാറ്റുവീഴ്ച രോഗത്തിന്റെ തീവ്രത കുറച്ച് ഉല്പാദനം മെച്ചപ്പെടുത്താൻ സാധിക്കും. കൂമ്പുചീയൽ രോഗം ആരംഭത്തിൽതന്നെ കണ്ടെത്താൻ സാധിച്ചാൽ കേടുവന്ന ഭാഗം ചെത്തിമാറ്റി ബോർഡോ കുഴമ്പ് പുരട്ടി സംരക്ഷിച്ചാൽ തെങ്ങിനെ രക്ഷപ്പെടുത്താൻ സാധിക്കും. ഇതിനാവശ്യമായ മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാണ്. പലപ്പോഴും വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രതികൂല കാലാവസ്ഥയും കാരണമാണ് ശരിയായ സമയത്ത് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കർഷകർക്ക് സാധിക്കാതെ വരുന്നത്. കീടരോഗ നിയന്ത്രണത്തിന് കർഷരെ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. വിളകൾക്ക് പെട്ടെന്നുണ്ടാകുന്ന കീടരോഗബാധ നിയന്ത്രിക്കുന്നതിനും രോഗവ്യാപനം തുടഞ്ഞ് വിളകളെ സംരക്ഷിക്കുന്നതിനുമായി കണ്ടിജൻസി പ്രോഗ്രാമിൽ 200 ലക്ഷം രൂപ 2015-16-ൽ വകയിരുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന വിദഗ്ധ സംഘം രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് നിർദ്ദേശിക്കുന്ന മരുന്ന് തളിക്കുന്നതിന് മരുന്നിന്റെ വിലയും കൂലിയും പദ്ധതി പ്രകാരം നൽകുന്നു.

2. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, പെസ്റ്റ് സർവ്വേ ലൈസൻസ് ഗ്രൂപ്പുകൾ എന്നിവയിലൂടെ രോഗബാധ സംബന്ധിച്ചും നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ചും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നുണ്ട്.

3. കുട്ടനാട് മേഖലയിൽ നെൽകൃഷിയെ ബാധിക്കുന്ന കീടരോഗങ്ങൾ ഫീൽഡ്തല നിരീക്ഷണത്തിലൂടെ കണ്ടെത്തി കർഷകർക്ക് ആവശ്യമായ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും മങ്കൊമ്പ് ആസ്ഥാനമായുള്ള കീട നിരീക്ഷണ കേന്ദ്രം (Kerala Centre for Pest Management) മുഖേന നൽകുന്നുണ്ട്.

4. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽനിന്നും കീടരോഗ നിയന്ത്രണത്തിനുള്ള ജൈവിക നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്. ബ്യൂവേറിയ മുതലായവ ആവശ്യമനുസരിച്ച് ഉല്പാദിപ്പിച്ച് ന്യായമായ നിരക്കിൽ കർഷകർക്ക് നേരിട്ടും കൃഷിഭവൻ മുഖേനയും ലഭ്യമാക്കുന്നുണ്ട്.

5. കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ വിള പരിപാലന/വികസന പദ്ധതികളിലും കീടരോഗനിവാരണവും ഒരു ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വിളനാശം സംഭവിക്കുന്ന കർഷകർക്ക് കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിലൂടെയും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെയും ധനസഹായം നൽകിവരുന്നു.

(ബി) 2011 മുതൽ നടത്തിയ കേരകൃഷിയുടെയും നെൽകൃഷിയുടെയും വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	വിസ്തീർണ്ണം (ഹെക്ടറിൽ)	
	കേരകൃഷി	നെൽകൃഷി
2011-12	820867	208161
2012-13	798162	197277
2013-14	808647	199611

സംസ്ഥാനത്ത് 2011 മുതൽ 2015 വരെയുണ്ടായ കൃഷി നാശത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	കർഷകരുടെ എണ്ണം	തിട്ടപ്പെടുത്തിയ നാശനഷ്ടം (ലക്ഷം രൂപയിൽ)
2011-12	66254	5620.599
2012-13	75631	12193.201
2013-14	76080	16378.315
2014-15	75083	12512.543

LIBRARY ARCHIVES Kerala Legislative Assembly

2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ മുറിച്ച് മാറ്റിയ തെങ്ങിന്റെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	മുറിച്ച് മാറ്റിയ തെങ്ങിന്റെ എണ്ണം
2011-12	609986
2012-13	918972
2013-14	337000
2014-15	117448

കാർഷിക വിപണിക്ക് സഹായം

110 (5459) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം സംഭരണ ഏജൻസികൾക്കാണ് പദ്ധതിയുടെ ഭാഗമായി തുക നൽകിയതെന്നറിയിക്കാമോ ;

(സി) പ്രസ്തുത ഏജൻസികൾ ഏല്പിക്കപ്പെട്ട ദൗത്യം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; പോരായ്മകൾ കടന്നു കൂടിയിട്ടുണ്ടോ ; എന്തെല്ലാമാണ് പോരായ്മകൾ എന്നറിയിക്കാമോ ;

(ഡി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതിപ്രകാരം സംഭരണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) പദ്ധതിപ്രകാരം ഇടപെടൽ നടത്തിയതുമൂലം പ്രസ്തുത കാർഷികോല്പന്നങ്ങളുടെ വിലയിൽ എന്ത് ഗുണപരമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly